# ഉന്നതി- പ്രാഥമിക അവബോധ ക്ലാസ്സുകൾ തിങ്കളാഴ്ച

സംസ്ഥാന തൊഴിലുറപ്പ് മിഷനുമായി ചേർന്നുകൊണ്ട് ഡി.ഡി.യു.ജി.കെ.വൈ (ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന) പദ്ധതി മുഖേന നടപ്പിലാക്കുന്ന ഉന്നതി പദ്ധതിയെക്കുറിച്ച് ഇതിന് മുൻപ് Making an Impact 321 ൽ സൂചിപ്പിച്ചിരുന്നുവല്ലോ. 2018-19 കാലഘട്ടത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ

100 ദിവസം പൂർത്തിയാക്കിയ തൊഴിൽ കാർഡുള്ള കുടുംബങ്ങളിലെ 18നും 45നും ഇടയിൽ പ്രായമുള്ളവർക്കായാണ് ഉന്നതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്. ഇവരെ അവിദഗ്ദ്ധ തൊഴിൽ മേഖലയിൽ നിന്നും നൈപുണ്യ പരിശീലനം നൽകി വിദഗ്ദ്ധ തൊഴിൽ മേഖലയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യമാണ് ഉന്നതിക്കുള്ളത്.

തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം പൂർത്തിയാക്കുകയും ഉന്നതി പദ്ധതിയിൽ താത്പര്യം പ്രകടിപ്പിക്കുകയും ചെയ്ത 7491പേരുടെ വിവരങ്ങൾ തൊഴിലുറപ്പ് പദ്ധതി അധികൃതർ ശേഖരിച്ചിരുന്നു. ഇവരുടെ ഒരു ഡാറ്റ ബേസും തയാറായിട്ടുണ്ട്. ഈ 7491 പേർക്ക് പരിശീലനം നൽകുന്നതിന് മുൻപ് പ്രാഥമിക അവബോധം നൽകാനാണ് 22ന് ഉദ്ദേശിക്കുന്നത്. കേരളത്തിലെ 152 ബ്ലോക്കുകളിലും ഇതിനായി കുടുംബശ്രീയുടെ നേതൃത്വത്തിൽ ഏകദിന ശിൽപ്പശാലകൾ സംഘടിപ്പിക്കാനാണ് ഞങ്ങൾ ലക്ഷ്യമിട്ടിരിക്കുന്നത്. ഓരോ ബ്ലോക്കിലും ഡേറ്റ ബേസിൽ ഉൾപ്പെട്ടിട്ടുള്ള ആളുകളെ തൊഴിലുറപ്പ് ഉദ്യോഗസ്ഥർ ഈ ശിൽപ്പശാലയിലേക്ക് എത്തിക്കും. അന്നേ ദിവസം നൈപുണ്യ പരിശീലനത്തെക്കുറിച്ചും വിവിധ കോഴ്സുകളെക്കുറിച്ചും അവസരങ്ങളെക്കുറിച്ചുമൊക്കെ ക്ലാസ്സുകൾ നൽകുകയും അവരുടെ താത്പര്യം രേഖപ്പെടുത്തുകയും ചെയ്യും.

ഇവർക്ക് 3 രീതിയിലുള്ള അവസരങ്ങളാണ് ഉണ്ടാകുക. ഡി.ഡി.യു.ജി.കെ.വൈ യുടെ ഭാഗമായി 100ലധികം വരുന്ന കോഴ്സുകളിൽ പരിശീലനം നേടി ജോലി സ്വന്തമാക്കാനുള്ള അവസരം, RSETI (Rural Self Employment Training Institute) പരിശീലനം നേടിക്കൊണ്ട് സ്വയം തൊഴിൽ സംരംഭകരാകാനുള്ള അവസരം, കൃഷി

വിഗ്യാൻ കേന്ദ്രയിൽ പരിശീലനം നേടിക്കൊണ്ട് കാർഷിക മേഖലയിൽ നൈപുണ്യം നേടാനുള്ള അവസരം എന്നിവയാണ് ഈ അവസരങ്ങൾ. 22ന് നടക്കുന്ന അവബോധ ശിൽപ്പശാലയിൽ ഈ മൂന്ന് അവസരങ്ങളെക്കുറിച്ചും ഞങ്ങളുടെ പ്രതിനിധികൾ ക്ലാസ്സുകൾ നൽകുകയും താത്പര്യം രേഖപ്പെടുത്തുകയും ചെയ്യും. തുടർന്ന് അടുത്ത ബാച്ചുകൾ ആരംഭിക്കുമ്പോൾ ഇവർക്ക് പരിശീലനം നേടാനുള്ള അവസരം നൽകുകയും ചെയ്യും. ഇപ്രകാരം അവിദഗ്ധ തൊഴിലാളികളെ കൂടുതൽ തൊഴിലവസരങ്ങളുള്ള വിദഗ്ധ മേഖലയിലേക്ക് നയിക്കുന്നതിനും മുഴുവൻ സമയ തൊഴിൽ ലഭ്യമാക്കുന്നതിനുമായുള്ള ഉന്നതി പദ്ധതി ഫീൽഡ് തലത്തിൽ നടപ്പിലാക്കുന്നത് ത്വരിതപ്പെടുത്താനുള്ള ഞങ്ങളുടെ ആദ്യ പടിയാണ് തിങ്കളാഴ്ച നടക്കുന്ന മൊബിലൈസേഷൻ ക്യാമ്പ്. താത്പര്യമുള്ളവരും രജിസ്റ്റർ ചെയ്തിട്ടുള്ളവരുമായ എല്ലാവരും ഇതിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കട്ടെ.